മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസ്
കോഴിക്കോട് തിയ്യതി: 28.09.2019

എഫ്6/55859/59

## ഇ ടെണ്ടർ നോട്ടീസ്

കോഴിക്കോട് നഗരസഭയിലെ വെസ്റ്റ്ഹിൽ എം.ആർഎഫ് പ്ലാന്റിനോട് ചേർന്ന സ്ഥലത്തെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ശുചിത്വമിഷൻ അംഗീകരിച്ച സർവ്വീസ് പ്രൊവൈഡർമാരിൽ നിന്നും മത്സര സ്വഭാവമുള്ള ഇ-ടെണ്ടറുകൾ ക്ഷണിക്കുന്നു. (ചുവടെ സൂചിപ്പിക്കുന്ന തിയ്യതികളിലും , സമയത്തിനും ഹാജരുള്ള കരാറുകളുടെ സാന്നിധ്യത്തിൽ ടെണ്ടറുകൾ തുറന്നു പരിശോധിക്കുന്നതാണ്) പ്രലിമിനറി എഗ്രിമെന്റുകളും മറ്റു രേഖകളും അടങ്ങുന്ന കവർ സ്വീകരിക്കുന്ന നിശ്ചിത സമയത്തിന് മുമ്പായി രജിസ്ട്രേഡ് പോസ്റ്റായോ നേരിട്ടോ ഓഫീസിൽ എത്തി ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ ആരോഗ്യവിഭാഗത്തിൽ നിന്നും ലഭ്യമാണ്. പ്രവൃത്തി യുടെ ടെണ്ടർ ഫോറവും കൂടുതൽ വിവരങ്ങളും താഴെപറയുന്ന വെബ് സൈറ്റിൽ ലഭ്യമാണ്

wttp://e-tender.kerala.gov.in.

| പ്രവൃത്തിയുടെ ക്രമ നമ്പർ | സ്വീകരിക്കുന്ന അവസാന തിയ്യതി | തുറന്ന് പരിശോധിക്കുന്ന തിയ്യതി/സമയം/സ്ഥലം |
|---|---|---|
| 1 | | ഹെൽത്ത് സൂപ്പർവൈസറുടെ ചേംബറിൽ |

| ക്രമ നമ്പർ | ഫയൽ നം/പ്രൊജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | നിരത ദ്രവ്യം | ടെണ്ടർ വില |
|---|---|---|---|---|---|
| 1 | എഫ്6/55859/19 എസ്.ഒ.818/20 | വെസ്റ്റ്ഹിൽ എം.ആർ.എഫ് പ്ലാന്റിനോട് ചേർന്ന സ്ഥലത്തെ മാലിന്യങ്ങൾ നീക്കം ചെയ്യൽ | 5000000/- | 50,000/- | 2500+ ജി.എസ്.ടി |

**നിബന്ധനകൾ:-**

1) ടെണ്ടറിനോടൊപ്പം 200/- രൂപ മുദ്രപത്രത്തിൽ നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കി ഒപ്പിട്ട പ്രാഥമിക കരാർ ഉടമ്പടിയും ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

2) കേന്ദ്ര-സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ മാലിന്യ പരിപാലനം വിജയകരമായി നടപ്പിലാക്കിയതിൽ 4 വർഷത്തിൽ കുറയാതെ പരിചയം ഉള്ളവരായിരിക്കണം. (പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കണം)

3) ടെണ്ടർ തുറക്കുന്ന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയാണെങ്കിൽ തൊട്ടടുത്ത ദിവസം ആയത് തുറന്ന് പരിശോധിക്കുന്നതായിരിക്കും.

4) ജി.ഒ. (പി) നം: 429/15/ ഫിൻ തിരു. തിയ്യതി 28.09.2015 പ്രകാരകമുള്ള നിരതദ്രവ്യം കോർപ്പറേഷൻ ഹെൽത്ത് സൂപ്പർവൈസറുടെ പേരിൽ ഓൺലൈനായി (എസ്.ബി.ടി, എൻ.ഐ.എഫ്.ടി ഇവയിൽ ഏതെങ്കിലുമായി) ടെണ്ടറിനോടൊപ്പം ഹാജരാക്കേണ്ടതാണ്.

5) ടെണ്ടറുകൾ സ്വീകരിക്കുവാനും യാതൊരു കാരണവും കൂടാതെ ~~ക്കോ~~നിരസിക്കുവാനുള്ള പൂർണ്ണാധികാരം കോർപ്പറേഷൻ കൗൺസിലിൽ നിക്ഷിപ്തമാണ്.

6) ടെണ്ടർ അംഗീകരിക്കുന്ന പക്ഷം (ടെണ്ടർ/നെഗോസിയേഷൻ നിരക്കിൽ) 200/- രൂപയുടെ മുദ്രപത്രത്തിൽ ഉടമ്പടിയും ജി.ഒ (എം.എസ്) നം:60/12/ പൊമ തിയ്യതി 20.09.12, 3/15 തിരു. തിയ്യതി 05.01.15, 429/15 തിരു.തിയ്യതി 28.09.15 പ്രകാരമുള്ളതും പി.എ.സി.യുടെ 5% തുകയ്ക്ക് തുല്യമായ, കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയുടെ പേരിൽ പ്ലഡ്ജ് ചെയ്ത ട്രഷറി ഫിക്സ്ഡ് ഡെപ്പോസിറ്റ്/ നാഷണ ലൈസഡ് / ഷെഡ്യൂൾ ബാങ്കിൽ നിന്നുള്ള എൻ.എസ്.സി/ടേം ഡെപ്പോ സിറ്റ് രശീതി ഇവയിൽ ഏതെങ്കിലും പെർപോമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റായി ഹാജരാക്കേണ്ടതാണ്. ഈ തുകയുടെ 50% ൽ കുറയാത്ത തുകയ്ക്ക് നിർബന്ധ മായും ട്രഷറി ഫിക്സ്ഡ് ഡെപ്പോസിറ്റ് രശീതി ഹാജരാ ക്കേണ്ടതാണ്. എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 10%ത്തിലധികം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന സാഹചര്യത്തിൽ അധികമുള്ള കുറഞ്ഞ നിരക്കിന് ആനുപാതി കമായി കരാർ വെയ്ക്കുന്ന സമയത്ത് അഡീഷണൽ പെർഫോമൻസ് ഗ്യാരന്റി വെക്കേണ്ടതും പ്രസ്തുത ഗ്യാരന്റി തുക പ്രവൃത്തി പൂർത്തിയായ ശേഷം മാത്രം തിരികെ നൽകുന്നതുമാണ്. ഇതു കൂടാതെ കരാർ തുകയുടെ 5% തുക സെക്യൂരിറ്റി ഡെപ്പോസിറ്റായും ഒടുക്കേണ്ടതാണ്.

7) നിയമാനുസൃത നികുതികൾ ബില്ലിൽ നിന്നും ഈടാക്കുന്നതാണ്.

8) ഐറ്റം റേറ്റ് ടെണ്ടർ പ്രകാരമുള്ള പ്രവൃത്തികളുടെ സംഗതിയിൽ ഏതെങ്കിലും ഇനം പ്രവൃത്തി അധികമായി ചെയ്യേണ്ടി വരികയാണെങ്കിൽ കരാറുകാരൻ ക്വാട്ട് ചെയ് നിരക്കുകൾ പ്രകാരമുള്ള ആകെ തുക പി.എ.സി. പ്രകാരമുള്ള തുകയുടെ എത്ര ശതമാനം കുറവാണെന്ന് കണക്കാക്കി അത്രയും ശതമാനമോ കരാറുകാരൻ ടി ഇനത്തിൽ ക്വാട്ട് ചെയ്ത നിരക്കോ, ഏതാണോ ഏറ്റവും കുറഞ്ഞത്, അപ്രകാരം മാത്രമേ അധിക പ്രവൃത്തികൾക്ക് നിരക്ക് അനുവദിക്കുകയുള്ളൂ.

9) ദർഘാസ് സംബന്ധമായി പുതുക്കിയ പൊതുമരാമത്ത് മാനുവൽ പ്രകാരവും, 1997 ലെ കേരള മുനിസിപ്പൽ പൊതുമരാമത്ത് ചട്ടങ്ങൾ പ്രകാരമവും ഇ-ടെണ്ടർ സംബന്ധമായ ചട്ടങ്ങൾ പ്രകാരവും നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമായിരിക്കും.

10) നീക്കം ചെയ്യേണ്ട മാലിന്യത്തിന്റെ സ്വഭാവം കരാറുകാരൻ നേരിൽകണ്ട് ബോധ്യ പ്പെടേണ്ടതാണ്. ടെണ്ടർ സമർപ്പിച്ചതിനുശേഷം ഉന്നയിക്കുന്ന പരാതികൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

11) കരാർ പ്രകാരം നിശ്ചിത ദിവസത്തിനകം മുഴുവൻ മാലിന്യങ്ങളും നീക്കം ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം കരാർ ലംഘനത്തിന് കരാറുകാരനെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭയ്ക്ക് അവകാശമുണ്ടായിരിക്കുന്നതാണ്. മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് കൂടുതൽ ദിവസം ആവശ്യമായിവരിക യാണെങ്കിൽ കരാർ അവസാനിക്കുന്നതിന് 10 ദിവസം മുൻപ് കരാറുകാരൻ നഗര സഭക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

12) കരാറുകാരന് എല്ലാവിധ അജൈവ പാഴ്‌വസ്തുക്കളും കൈകാര്യം ചെയ്യുന്നതിനുള്ള സെഗ്രിഗേഷൻ & റീസൈക്ലിംഗ് യൂണിറ്റ് ഉണ്ടായിരിക്കണം. നീക്കം ചെയ്യുന്ന മാലിന്യങ്ങൾ യാതൊരു കാരണവശാലും നഗരസഭാ പരിധിയിൽ സംസ്ക രിക്കുവാൻ പാടുള്ളതല്ല.

13) കരാറുകാരൻ മാലിന്യങ്ങൾ സംസ്ക്കരിക്കുന്ന സ്ഥലത്തോ കൊണ്ടുപോകുന്ന സ്ഥലത്തോ ഉണ്ടാകുന്ന തർക്കങ്ങൾക്കോ അപകടങ്ങൾക്കോ നഗരസഭ ഉത്തവാദിയായിരിക്കുന്നതല്ല.

14) എഗ്രിമെന്റ് നിരക്കിൽ യാതൊരു കാരണവശാലും വർദ്ധനവ് അംഗീകരിക്കുന്നതല്ല.

15) മോട്ടോർ വെഹിക്കിൾ ആക്ട് പ്രകാരമുള്ള അളവിലും, നിയമങ്ങൾക്കും വിധേയമായി മാത്രമേ മാലിന്യങ്ങൾ വാഹനങ്ങളിൽ കയറ്റിക്കൊണ്ട് പോകാൻ പാടുള്ളൂ.

16) ക്വട്ടേഷൻ സമർപ്പിക്കുന്ന കമ്പനിക്ക് എല്ലാവിധ അജൈവ പാഴ്വസ്തുക്കളും Non Bio Degradable) നീക്കം ചെയ്യുന്നതിന് സംസ്ഥാന ശുചിത്വമിഷന്റെ അംഗീകാരം ഉണ്ടായിരിക്കണം.

17) കമ്പനിക്ക് പാൻകാർഡും ജി.എസ്.ടി രജിസ്ട്രേഷനും ഉണ്ടായിരിക്കണം. മേൽപറഞ്ഞ രേഖകളുടെ ഗസ്റ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണ്.

18) ഒരു ടൺ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് എത്ര രൂപ എന്ന നിരക്കിൽ ക്വട്ടേഷനിൽ/ ടെണ്ടറിൽ കാണിക്കേണ്ടതാണ്.

19) ബന്ധപ്പെട്ട ഹെൽത്ത്സർക്കിളിലെ ഹെൽത്ത് ഇൻസ്പെക്ടറുടെ സാന്നിദ്ധ്യത്തിൽ ആയിരിക്കണം തൂക്കം എടുക്കേണ്ടത്

20) പ്രവൃത്തികളെ സംബന്ധിച്ച വിശദവിവരങ്ങൾ പ്രവൃത്തി സമയങ്ങളിൽ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ ഹെൽത്ത് വിഭാഗത്തിലും https:lsgkerala. gov.in/ pages/displaytender.php, www.etenders.kerala.gov.in എന്നി വൈബ് സൈറ്റുകളിലും ലഭ്യമാണ്.

Date and Time of Tender submission. – 28-10-2019 16:30 hrs.

Last Date and Time of Tender Submission – 11-11-2019 – 16.30 hrs

Date and Time of Tender opening – 14-11-2019 – 14.30 hrs

ഹെൽത്ത് സൂപ്പർവൈസർ
കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ